LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം

29 (33) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി / പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമവുമായി ബന്ധപ്പെട്ട കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി എത്ര പ്രത്യേക കോടതികൾ നിലവിലുണ്ടെന്ന് അറിയിക്കാമോ ;

(ബി) ബന്ധപ്പെട്ട കോടതികളിൽ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളുടെ എണ്ണം എത്രയാണെന്ന് കോടതി തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;

(സി) ആയതിന്മേലുള്ള നടപടിക്രമങ്ങളുടെ നിലവിലുള്ള സ്ഥിതി വിവരകണക്കുകൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമവുമായി ബന്ധപ്പെട്ട കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി മഞ്ചേരി, മാനന്തവാടി, കൊട്ടാരക്കര എന്നിവിടങ്ങളിൽ പ്രത്യേക കോടതികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി&സി) പ്രത്യേക കോടതികളിൽ 619 കേസ്സുകൾ ഈ സർക്കാരിന്റെ കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ആയതിന്മേലുള്ള സ്ഥിതി ചുവടെ ചേർക്കുന്നു :

എസ്.സി./എസ്.ടി. സ്പെഷ്യൽ കോടതി	രജിസ്റ്റർ ചെയ്ത കേസ്സുകൾ	തീർപ്പാക്കിയവ	അവശേഷിക്കുന്നവ
കൊട്ടാരക്കര	140	47	93
മാനന്തവാടി	108	89	19
മഞ്ചേരി	371	288	83
ആകെ	619	424	195